**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *166    4/11/2019-ന് മറുപടിക്ക്**

## പി.എസ്.സി പരീക്ഷ പൂർണ്ണമായും മലയാളത്തിലാക്കുവാൻ നടപടി

**ചോദ്യം**
ശ്രീ. സണ്ണി ജോസഫ്:

**ഉത്തരം**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ ഏതൊക്കെ തലത്തിലുള്ള യോഗ്യതകൾ നിശ്ചയിച്ചിട്ടുള്ള പി.എസ്.സി പരീക്ഷകളാണ് മലയാളത്തിൽ എഴുതുവാൻ ഉദ്യോഗാർത്ഥികൾക്ക് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) | പത്താം ക്ലാസ് വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകൾക്കെല്ലാം നിലവിൽ മലയാളത്തിൽത്തന്നെയാണ് പരീക്ഷകൾ നടത്തുന്നത്. മുഖ്യമന്ത്രി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്ലസ് ടു തലം വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക യോഗ്യതകൾ നിഷ്കർഷിച്ചിട്ടില്ലാത്തതുമായ തസ്തികകളുടെ പരീക്ഷകൾ കൂടി മലയാളത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഡിഗ്രി യോഗ്യതയുള്ള ജോലികൾക്കായി പി.എസ്.സി നടത്തുന്ന പരീക്ഷകൾക്ക് നൂറിൽ എത്ര മാർക്കിന്റെ ചോദ്യങ്ങളാണ് മലയാളഭാഷയുമായി ബന്ധപ്പെടുത്തി ചോദിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | ബിരുദം യോഗ്യതയായിട്ടുള്ള തസ്തികകളുടെ പരീക്ഷകൾക്ക് 10 മാർക്കിന് ഭാഷാചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകളും പൂർണ്ണമായും മലയാളത്തിലേക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് പി.എസ്.സി നടത്തുന്നതെന്ന് അറിയിക്കാമോ? | (സി) & (ഡി) | പ്ലസ് ടു വിന് മുകളിൽ ഉയർന്ന യോഗ്യത നിഷ്കർഷിച്ചിട്ടുള്ള തസ്തികകൾക്കും സാങ്കേതിക യോഗ്യത നിഷ്കർഷിച്ചിട്ടുള്ള തസ്തികകൾക്കുമുള്ള പരീക്ഷകളുടെ ചോദ്യകർത്താക്കൾക്ക് (കേരളത്തിനു പുറത്തുള്ള ചോദ്യകർത്താക്കൾക്ക് ഉൾപ്പെടെ) മലയാളത്തിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നതിനും അല്ലെങ്കിൽ ഇംഗ്ലീഷ് മാധ്യമത്തിലുള്ള ചോദ്യങ്ങൾ ശരിയായി മലയാളത്തിലേയ്ക്ക് മൊഴിമാറ്റം നടത്തുന്നതിനും പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇത് |
| (ഡി) | ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ ഉള്ള | | |

| | | | |
|---|---|---|---|
| | ചോദ്യങ്ങൾ മലയാളത്തിൽ ലഭ്യമാക്കുവാൻ വേറെ ആരുടെയെങ്കിലും സഹകരണം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | പരിഹരിക്കുന്നതിലേക്ക് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, വിവിധ സർവകലാശാല വൈസ് ചാൻസിലർമാർ, ഭാഷാവിദഗ്ധർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരുടെ യോഗം ചേർന്ന് സാങ്കേതികപദങ്ങൾക്ക് മലയാളത്തിൽ തുല്യ പദങ്ങൾ കണ്ടെത്തി ഇവയുടെ മലയാള പദാവലി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പരമാവധി പരീക്ഷകളുടെ ചോദ്യപ്പേപ്പറുകൾ മലയാളത്തിൽ കൂടി നൽകുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ